# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 26, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**ഇന്ത്യ-അമേരിക്ക വ്യാപാര കരാർ - കർഷക സമൂഹത്തിന്റെ ആശങ്ക**

*271 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-അമേരിക്ക വ്യാപാര കരാർ സംസ്ഥാനത്തെ ഭക്ഷ്യ, നാണ്യവിള ഉല്പാദകരെ ബാധിക്കുമോ എന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ വിഷയത്തിൽ എന്തെല്ലാം പഠനങ്ങളാണ് നടത്തിയതെന്നും പ്രസ്തുത കരാർ എപ്രകാരമാണ് കേരളത്തിലെ കർഷകരെ ബാധിക്കുകയെന്നും വ്യക്തമാക്കുമോ;

(സി) ഇന്ത്യ-അമേരിക്ക വ്യാപാര കരാർ സംബന്ധിച്ച് കേരളത്തിലെ കർഷക സമൂഹത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ബസ്സുകളുടെ റൂട്ട് മാനേജ്മെന്റ് സിസ്റ്റം ആധുനികവൽക്കരിക്കാൻ നടപടി**

*272 **ശ്രീ എം നൗഷാദ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രക്കാർക്ക് ബസ്സുകളുടെ സമയം, കാലതാമസം, റദ്ദാക്കൽ, റൂട്ട് മാറ്റം എന്നിവയെല്ലാം തത്സമയം അറിയുന്നതിന് ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പ്രത്യേക സംവിധാനം ഗതാഗത വകുപ്പിൽ സജ്ജീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ പൊതുഗതാഗതത്തെ ആശ്രയിക്കുന്ന യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ;

(സി) യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ ടിക്കറ്റ് വരുമാനം ലഭ്യമാക്കുന്നതിനും ഈ പദ്ധതി ഗുണകരമാകുമോ; വ്യക്തമാക്കാമോ?

## <u>കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം</u>

*273 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കമ്മീഷന്റെ പക്കൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലെ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നടപടികൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ</u>

*274 **ശ്രീമതി ഉമ തോമസ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനച്ചെലവ് ഗണ്യമായി വർധിച്ച സാഹചര്യത്തിലും വിപണിയിൽ സർക്കാർ താങ്ങുവിലയെക്കാൾ ഉയർന്ന വില നിലനിൽക്കുന്ന സാഹചര്യത്തിലും റബ്ബറിന് താങ്ങുവില ഉയർത്തണമെന്ന കർഷകരുടെ ആവശ്യത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) റബ്ബർ കർഷകരെ സഹായിക്കാൻ മതിയായ വില സ്ഥിരതാ ഫണ്ട് മാറ്റി വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

**കുട്ടനാട് സഫാരി ടൂറിസം പദ്ധതി**

*275 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ജീവിതചര്യകളും കുടിൽ വ്യവസായങ്ങളും കേരളത്തനിമയെ വിളിച്ചോതുന്ന നാടൻ കലാരൂപങ്ങളും ഉൾപ്പെടുത്തി വിനോദസഞ്ചാരികൾക്ക് യാത്രയുടെ പുത്തൻ അനുഭവങ്ങൾ ലഭ്യമാകുന്ന തരത്തിൽ കുട്ടനാട് സഫാരി ടൂറിസം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(ബി) ബജറ്റ് ടൂറിസം പദ്ധതിയുടെ പുതിയ ചുവടുവെപ്പ് എന്ന നിലയിൽ പ്രസ്തുത പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഫാരിക്കായി സോളാർ ബോട്ടുകൾ ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിസരമലിനീകരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

**തെരുവുനായ്ക്കളുടെ വന്ധ്യംകരണം**

*276 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൂടുതൽ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**പച്ചക്കറി വികസന പദ്ധതി**

*277 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളുടേയും തൈകളുടേയും വിതരണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ</u>

*278 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. റോജി എം. ജോൺ**

**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബില്ലിലെ വ്യവസ്ഥകൾ നടപ്പാകുന്നതോടെ സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം പൂർണമായും നടപ്പാക്കേണ്ട സാഹചര്യം ഉണ്ടാകുമോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) അക്രെഡിറ്റേഷൻ നേടുന്ന കോളേജുകൾ സ്വയംഭരണത്തിലേക്കു മാറുന്ന വ്യവസ്ഥകൾ നടപ്പാകുന്നതോടെ സർവ്വകലാശാലകൾക്ക് അഫിലിയേഷൻ മുഖേന കോളേജുകളിൽ ഉള്ള നിയന്ത്രണം നഷ്ടമാകുകയും അക്രെഡിറ്റേഷനും സ്വയംഭരണ വ്യവസ്ഥകളും പാലിക്കാൻ ശേഷിയില്ലാത്ത കോളേജുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാകുവാനും സാധ്യതയുണ്ടോ; വ്യക്തമാക്കാമോ;

(സി) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ ബില്ലിലെ വ്യവസ്ഥകൾക്കെതിരെ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുവാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

## <u>വയോജന നയം</u>

*279 **ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. എം. എം. മണി**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമവും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംസ്ഥാന വയോജന നയത്തിന് സർക്കാർ

അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നയത്തിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(സി) വയോധികർക്ക് സാമ്പത്തിക സുരക്ഷിതത്വത്തിനായി റിവേഴ്സ് മോർട്ട്ഗേജ് സൗകര്യം ഏർപ്പെടുത്തുന്നതിന് സംവിധാനമുണ്ടോ; വിശദമാക്കാമോ;

(ഡി) വാർദ്ധക്യ വിജ്ഞാന പഠനത്തിനായി പ്രത്യേക മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഇ) വയോജനങ്ങളുടെ പരാതി പരിഹാരത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## <u>മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസം</u>

*280 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയിൽ മതിയായ സ്ഥാപനങ്ങളില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) മലബാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>പക്ഷിപ്പനിക്കെതിരായ പ്രതിരോധ നടപടി</u>

*281 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പക്ഷിപ്പനി ആവർത്തിച്ച് സ്ഥിരീകരിക്കുന്നതിന്റെ കാരണങ്ങൾ സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പക്ഷിപ്പനി സംബന്ധിച്ച വിശദപഠനത്തിനായി കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് കേരളത്തിൽ എത്തിയിരുന്നോ; എങ്കിൽ അവർ നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ;

(സി) പക്ഷിപ്പനി കാരണം കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ രോഗത്തിന്റെ ഉറവിടം കണ്ടെത്തി പക്ഷിപ്പനി പടർന്നു പിടിക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**വയോജനങ്ങൾ നേരിടുന്ന ശാരീരികവും മാനസികവുമായ പീഡനം**

*282 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ വി ജോയി**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങൾ നേരിടുന്ന ശാരീരികവും മാനസികവുമായ പീഡനകേസുകൾ പരിശോധിക്കുന്നതിനും പ്രതിരോധം, സംരക്ഷണം, പുനരധിവാസം എന്നിവയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി സംസ്ഥാന കൗൺസിൽ, ജില്ലാ കമ്മിറ്റികൾ എന്നിവയ്ക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ഉറപ്പാക്കാനായി ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ട്രിബ്യൂണലുകളിലൂടെ മുതിർന്ന പൗരന്മാർക്ക് ലഭ്യമാവുന്നത്; വിശദാംശം നൽകാമോ?

**വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ**

*283 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഈ കാലയളവിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ?

**ഗ്രോസ് എൻറോൾമെന്റ് റേഷ്യോയിൽ (ജി.ഇ.ആർ.) മെച്ചപ്പെട്ട നേട്ടം**

*284 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തിന് ഗ്രോസ് എൻറോൾമെന്റ് റേഷ്യോയിൽ (ജി.ഇ.ആർ.) മെച്ചപ്പെട്ട നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജി.ഇ.ആർ.-ൽ ഇതര സംസ്ഥാനങ്ങളേക്കാൾ മെച്ചപ്പെട്ട നില കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എൻറോൾമെന്റ് റേഷ്യോയിൽ ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട നില കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പുരുഷൻമാരേക്കാൾ സ്ത്രീകളുടെ എൻറോൾമെന്റ് കൂടുതലുള്ള സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകാമോ?

## <u>മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണ ഫണ്ട്</u>

*285 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണം, തെരുവുനായ ആക്രമണം, മറ്റു അത്യാഹിതങ്ങൾ എന്നിവയ്ക്ക് നഷ്ടപരിഹാരം ലഭ്യമാണോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് ലഭ്യമാക്കിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

## <u>ജലഗതാഗത മേഖലയിൽ നൂതന സാങ്കേതികവിദ്യ</u>

*286 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത മേഖലയിൽ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തിന്റെ ജലസമ്പത്തിന്റെ സാദ്ധ്യതകളെ ജലയാത്രാമാർഗ്ഗങ്ങൾക്കായി എത്രത്തോളം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) കൃഷി ഉല്പന്നങ്ങളും നിർമ്മാണ സാമഗ്രികളും കുറഞ്ഞ ചെലവിൽ ജലമാർഗ്ഗം എത്തിക്കുന്ന പ്രത്യേക ചരക്ക് ഗതാഗത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ഗവേഷണ ആശയങ്ങൾക്ക് ഫെലോഷിപ്പ്

*287 **ശ്രീ. ഐ. ബി. സതീഷ്**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പുരോഗതിക്ക് ആക്കം കൂട്ടുന്ന ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് നൽകുന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നൂതന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനായി ഗവേഷണ വിദ്യാർത്ഥികൾക്ക് സർവകലാശാലകൾ ഫെലോഷിപ്പുകൾ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഗവേഷക വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്കോളർഷിപ്പുകൾ നൽകുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

## കേര പദ്ധതി

*288 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ നവീകരണത്തിനായി കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ) പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കൃഷി ഉത്പാദന വർദ്ധനവിനും കർഷകരുടെ വരുമാന വർദ്ധനവിനുമായി കേര പദ്ധതിയിലൂടെ സർക്കാർ സ്വീകരിച്ച നവീന നടപടികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടാനുള്ള കാലാവസ്ഥാ പ്രതിരോധ കൃഷി മാതൃകകൾ കേര പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൃഷിയിൽ യന്ത്രവത്കരണവും ആധുനിക സാങ്കേതികവിദ്യകളും പ്രോത്സാഹിപ്പിക്കുന്നതിന് കേര പദ്ധതിയിലൂടെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണം

*289 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങളെ ഏകീകൃതമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന് പ്രത്യേകമായ ആധുനിക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ എന്തൊക്കെ സേവനങ്ങളും സൗകര്യങ്ങളുമാണ് സാധ്യമാകുന്നത്; വിശദാംശം നൽകാമോ;

(സി) പൊതുഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി.യുടെ സ്മാർട്ട് മൊബിലിറ്റിയിലേക്കുള്ള മാറ്റത്തിന് പ്രസ്തുത സംരംഭം എത്രത്തോളം സഹായകരമായിരിക്കുമെന്ന് വിശദമാക്കാമോ?

## മൃഗസംരക്ഷണ മേഖലയിൽ ഫാമുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

*290 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഫാമിംഗ് മേഖലയിലെ ചട്ടങ്ങളിൽ ഇളവുകൾ വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യാവസായികമായി ഫാമുകൾ നടത്തുന്ന സംരംഭകർക്ക് നിലവിൽ സർക്കാർ സാമ്പത്തിക സാങ്കേതിക അടിസ്ഥാന സൗകര്യ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) യുവജനങ്ങളെയും വനിതകളെയും വ്യാവസായിക ഫാമിംഗ് രംഗത്തേക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് വ്യാവസായിക ഫാമുകളുടെ ഉല്പാദനക്ഷമത വർധിപ്പിക്കാനും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

## ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ

*291 **ശ്രീ. എം.വിജിൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്ന വിധത്തിൽ അക്കാദമിക് സമൂഹവും പൊതുസമൂഹവും ചേർന്നുള്ള ഗവേഷണ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സമൂഹത്തിന് വേണ്ട അറിവുകൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത പദ്ധതികൾ എത്രത്തോളം സഹായകമാണ്; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് സർവ്വകലാശാലകൾക്ക് ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ലാബുകളുടെ പ്രവർത്തനത്തിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

## സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം

*292 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം നിയമലംഘനം നടത്തുന്ന സ്വകാര്യ ബസ്സുകളെ നിരീക്ഷിക്കാനും നടപടിയെടുക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിയമലംഘനങ്ങൾ കണ്ടെത്തി സത്വര നടപടികൾ സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

## സുസ്ഥിര ഉല്പാദന സഖ്യങ്ങളുടെ രൂപീകരണം

*293 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര ഉല്പാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത കർഷക കൂട്ടായ്മകൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, അവയുടെ വാണിജ്യ മാർഗ്ഗങ്ങളുടെ വിപുലീകരണം എന്നിവയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയിലൂടെ നൽകുന്നതെന്ന്

അറിയിക്കാമോ;

(ഡി) പദ്ധതിയിൽ ചേരുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

## കെ-റീപ്പ് പദ്ധതി

*294 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലാ പ്രവർത്തനങ്ങൾക്ക് ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യാസഹായം എത്തിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചസുസ്ഥിര ഉല്പാദന സഖ്യങ്ങൾ കെ-റീപ്പ് (കേരള റിസോഴ്സസ് ഫോർ എഡ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ & പ്ലാനിംഗ് പ്രോജക്ട്) എന്ന പേരിൽ ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കെ-റീപ്പ് പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും സർവകലാശാലാ സേവനങ്ങൾ അതിവേഗത്തിൽ ലഭ്യമാക്കുന്നതിന് കെ - റീപ്പ് പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വളത്തിന്റെ ക്ഷാമം

*295 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂറിയ അടക്കമുള്ള വളങ്ങൾക്ക് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ കാർഷിക സീസണിലും സംസ്ഥാനത്തിന് ആവശ്യമായി വരുന്ന വളത്തിന്റെ കണക്ക് വ്യക്തമാക്കുമോ; കർഷകരുടെ ആവശ്യം നിറവേറ്റപ്പെടുന്നുണ്ടോ;

(സി) കർഷകർക്ക് വളം ലഭ്യമാക്കുന്നതിൽ ദൗർലഭ്യം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ പരിഹരിക്കുന്നതിൽ സർക്കാർ സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വിവരിക്കാമോ?

## കർഷക വരുമാനത്തിലെ വർദ്ധനവ്

*296 **ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഈ സർക്കാർ കൊണ്ടുവന്ന നൂതനപദ്ധതികളുടെ ഫലമായി സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകരുടെ വരുമാന വർദ്ധനവ് സംബന്ധിച്ച് ശാസ്ത്രീയ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ത്രീകൾ, യുവജനങ്ങൾ, സ്വയംസഹായ സംഘങ്ങൾ എന്നിവരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ദ്വിതീയ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കർഷക ആത്മഹത്യകൾ ഒഴിവാക്കാൻ നടപടി</u>

*297 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പ്രതിസന്ധിമൂലം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിന് ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കാർഷിക പ്രതിസന്ധിക്കിടയായ മുഖ്യഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കണ്ണൂരിൽ കടബാധ്യതയെ തുടർന്ന് മികച്ച കർഷകനുള്ള പുരസ്കാര ജേതാവായ ചെറുപുഴ സ്വദേശി അമ്പാട്ട് ഏലിയാസ് എന്ന കർഷകൻ ജീവനൊടുക്കിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>റോഡപകടങ്ങൾ ഒഴിവാക്കാൻ കർമ്മ പദ്ധതി</u>

*298 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വശങ്ങളിൽ സ്ലാബില്ലാത്ത ഓടകൾ, റോഡിലേക്ക് പൊട്ടിവീഴുന്നതും താഴ്ന്നുകിടക്കുന്നതുമായ കേബിളുകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവ മൂലം റോഡപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ കാരണങ്ങൾ മൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുമോ; വ്യക്തമാക്കുമോ?

## വൈജ്ഞാനികരംഗത്തെ പ്രഗത്ഭ സ്ഥാപനങ്ങളുമായി പരസ്പര സഹകരണം

*299 **ശ്രീ. എച്ച്. സലാം**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര പ്രാപ്യത ഉറപ്പുവരുത്തുന്നതിനായി വൈജ്ഞാനികരംഗത്തെ പ്രഗത്ഭ സ്ഥാപനങ്ങളുമായി പരസ്പര സഹകരണ നടപടികൾക്ക് (അക്കാഡമിക് കൊളാബറേഷൻ) തുടക്കം കുറിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) ക്യൂബയിലെ സർവ്വകലാശാലകളുമായി സഹകരിച്ചുകൊണ്ടുള്ള ട്രിനിങ് പ്രോഗ്രാമുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പെട്രോകെമിക്കൽ മേഖലയിലെ റഷ്യൻ കമ്പനികളുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾ സഹകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(ഡി) വിദേശ സർവ്വകലാശാലകളുമായിട്ടുള്ള സഹകരണ നടപടികളിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാകുന്നത്; വിശദാംശം നൽകാമോ?

## അസാപ് സൂപ്പർ 100 പദ്ധതി

*300 **ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന അട്ടപ്പാടിയിലെ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിലേക്കും മികച്ച തൊഴിലവസരങ്ങളിലേക്കും വഴിയൊരുക്കുന്നതിനായി അസാപ് സൂപ്പർ 100 എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗോത്ര പിന്നാക്കമേഖലകളിലെ വിദ്യാർത്ഥിനികൾക്ക് ആത്മവിശ്വാസം വർദ്ധിപ്പിച്ച് മുഖ്യധാരയിലെ തൊഴിലവസരങ്ങളിൽ മത്സരിക്കാൻ

പ്രാപ്തമാക്കുന്നതിൽ പദ്ധതി എത്രത്തോളം സഹായകമാണ്; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ഫെബ്രുവരി 18, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].